LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ ടി. പി. സുകുമാരന്റെ ജീവചരിത്രം പ്രസിദ്ധീകരിക്കാൻ വിമുഖത കാട്ടിയ സംഭവം

53 (2501) ശ്രീ. എം. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള പ്രസിദ്ധീകരണ വിഭാഗത്തിന്റെ മുൻ ഉപദേശക സമിതി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ച ഡോക്ടർ ടി. പി. സുകുമാരന്റെ ജീവചരിത്രം ഇപ്പോഴത്തെ ഉപദേശക സമിതി പ്രസിദ്ധീകരിക്കാൻ വിസമ്മതിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഇപ്പോഴത്തെ ഉപദേശക സമിതിയുടെ സൂക്ഷ്മ പരിശോധന റിപ്പോർട്ട് എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട തീരുമാനം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഡോ. ടി. പി. സുകുമാരനെപ്പോലെ ധിഷണാശാലിയായ ഒരു വ്യക്തിയുടെ ജീവചരിത്രത്തിന്റെ കയ്യെഴുത്തു പ്രതിവാങ്ങിയശേഷം പ്രസിദ്ധീകരിക്കാൻ വൈമുഖ്യം കാട്ടിയവർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) അടിയന്തരമായി പ്രസ്തുത വ്യക്തിയുടെ ജീവചരിത്രം പ്രസിദ്ധീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) പ്രസ്തുത ഗ്രന്ഥം പ്രസിദ്ധീകരിക്കേണ്ടതില്ലെന്നും സാങ്കേതിക സഹായത്തിന് അപേക്ഷിക്കുകയാണെങ്കിൽ പരിശോധിക്കാവുന്നതാണെന്നും 22-7-2002-ൽ ചേർന്ന സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ ഉപദേശക സമിതിയോഗം ശുപാർശ ചെയ്തിട്ടുണ്ട്.

(ഡി&ഇ) ഉപദേശക സമിതിയുടെ കൂട്ടായ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഓരോ പുസ്തകവും പ്രസിദ്ധീകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. ഉപദേശക സമിതി തീരുമാനം അംഗീകരിക്കുകയാണ് സാധാരണ ചെയ്യാറുള്ളത്.

മലബാർ ദേവസ്വം ബിൽ

54 (2502) ശ്രീ. എം. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പരിഗണനയിലുള്ള മലബാർ ദേവസ്വം ബില്ലിൽ ഏതൊക്കെ ജില്ലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(ബി) നിർദ്ദിഷ്ട മലബാർ ദേവസ്വം ബിൽ നിയമമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മലബാർ ദേവസ്വം ബിൽ നിയമമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?